പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ്**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1420 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രസന്റേഷൻ<br>" അൻവർ സാദത്ത്<br>" പി.എ.മാധവൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ് മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, ഷെഡ്യൂൾ II 29(1) പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ബാങ്കിലെയും സങ്കീർണ്ണമായ നടപടിക്രമങ്ങൾ മൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി യഥാസമയം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം മുഖേന തൊഴിലാളികളുടെ വേതനവും സാധനസാമഗ്രികളുടെ വിലയും ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് സംസ്ഥാനമിഷനിൽ നിന്ന് നേരിട്ട് നൽകുക വഴി ധനവിനിയോഗത്തിൽ കൃത്യതയും സുരക്ഷയും സുതാര്യതയും ഉറപ്പാക്കുകയാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ദേശ്യം. അതോടൊപ്പം, തുക മുൻകൂറായി അനുവദിക്കുമ്പോൾ ചെലവഴിക്കാത്ത പദ്ധതി ഫണ്ട് വിവിധ അക്കൗണ്ടുകളിൽ കെട്ടികിടക്കുന്ന അവസ്ഥ (Parking of funds) ഒഴിവാക്കുന്നതിനും ഇതുമൂലം കഴിയുന്നു. |

| | | | |
|---|---|---|---|
| (സി) | തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി നിർണ്ണയിക്കുന്നത് മസ്റ്റർറോൾ പ്രകാരമുള്ള ഹാജരിന്റെയും ചെയ്ത പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വേജ് ലിസ്റ്റു പ്രകാരമാണ്. ഇ-എഫ്.എം.എസ് പദ്ധതിയിൽ വേജ് ലിസ്റ്റ് ഇലക്ട്രോണിക് ആയി കമ്പ്യൂട്ടർ സംവിധാനം വഴി തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ തുടർന്ന് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് മേഖല തിരിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ബാങ്കുകളിലേക്ക് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, എസ്.ബി.റ്റി, കാനറ ബാങ്ക്) എൻ.ഐ.സി വഴി ഇലക്ട്രോണിക് ആയി അയച്ച് കൊടുക്കുന്നു. നോഡൽ ബാങ്കിന് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവ് വയ്ക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, സാങ്കേതിക ജീവനക്കാർ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇ-എഫ്.എം.എസ് നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം നോഡൽ ബാങ്കുകളായ എസ്.ബി.ഐ, എസ്.ബി.റ്റി, കാനറബാങ്ക് എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും core banking സംവിധാനമുള്ള വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയും പോസ്റ്റോഫീസുകളും സഹകരിക്കുന്നുണ്ട്. ഇതിനാവശ്യമായ സാങ്കേതിക പിന്തുണ എൻ.ഐ.സി ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ